പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3619 20/06/2019-ൽ മറുപടിക്ക്

**കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. മുകേഷ് | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമനിർമ്മാണ നടപടികൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ? | | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ, സ്കാനിംഗ് സെന്ററുകൾ തുടങ്ങിയവയുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനുമായുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് (2018- ലെ 2)കേരള നിയമസഭ 01.02.2018-ാം തിയതിയിൽ പാസ്സാക്കുകയുണ്ടായി. തുടർന്ന് 26.12.2018-ലെ 929/2018 എസ്.ആർ.ഒ. പ്രകാരം കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുകയുണ്ടായി. 01.01.2019 തിയതി പ്രാബല്യത്തിൽ മോഡേൺ മെഡിസിൻ (ദന്ത ചികിത്സ ഉൾപ്പടെ) താല്ക്കാലിക രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ട്. 15.06.2019-ാം തിയതി പ്രാബല്യത്തിൽ ആയുഷ് വിഭാഗത്തിനു കീഴിലുള്ള ചികിത്സ രീതികളെയും പ്രസ്തുത ആക്ടിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.